## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 66 03.12.2014 - ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാറിലെ ജലനിരപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് ; ഡാമിന്റെ നിലനിൽപ്പിന് ഭീഷണിയാകും വിധം ഉയരുന്ന സാഹചര്യത്തിൽ മേൽനോട്ട സമിതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) മേൽനോട്ട സമിതിയുടെ അദ്ധ്യക്ഷന്റെ പ്രവർത്തനം തമിഴ്നാടിനെ പ്രതിനിധീകരിക്കുന്ന വിധത്തിലാണെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ; | (എ) യും (ബി) യും | മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയ്ക്ക് മുകളിൽ ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ ചൂണ്ടിക്കാട്ടിക്കൊണ്ടും പ്രശ്നപരിഹാരത്തിനായി സ്വീകരിക്കാവുന്ന പ്രായോഗിക നടപടികൾ നിർദ്ദേശിച്ചുകൊണ്ടും മേൽനോട്ട സമിതിയിൽ കേരളത്തിന്റെ പ്രതിനിധി ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ അഭിപ്രായം ശക്തമായി അറിയിച്ചിരുന്നു. കൂടാതെ യഥാസമയം മേൽനോട്ട സമിതി ചെയർമാനും തമിഴ്നാട് പ്രതിനിധിയ്ക്കും കത്തുകൾ നൽകിയിരുന്നു. ജലനിരപ്പ് ഉയരുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ യഥാസമയം അറിയിച്ചിട്ടും കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ഫലപ്രദമായ നടപടിയുണ്ടാകാത്ത സാഹചര്യം വിലയിരുത്തിയശേഷം പ്രശ്നത്തിന്റെ ഗൗരവം ചൂണ്ടിക്കാട്ടി സംസ്ഥാന ചീഫ് സെക്രട്ടറിയും മേൽനോട്ട സമിതി ചെയർമാന് നിവേദനം നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനായി മേൽനോട്ട സമിതിയിലെ കേരള പ്രതിനിധിയും, ചീഫ് സെക്രട്ടറിയും മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ |

പരിഗണിക്കപ്പെടാത്ത സാഹചര്യത്തിൽ മേൽനോട്ട സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി നിജസ്ഥിതി കേന്ദ്രജലകമ്മീഷൻ ചെയർമാനെയും, കേന്ദ്രജലവിഭവ സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്.

(സി) ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ആശങ്കകൾ നിഷ്പക്ഷമായി പരിശോധിക്കാൻ പ്രാപ്തമായ ഒരു മേൽനോട്ട സമിതിയെ നിയമിക്കാനായി സ്വീകരിച്ചിട്ടുളള നിയമ നടപടികളും ഭരണപരമായ നടപടികളും അറിയിക്കുമോ;

ഡി) സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന മേൽ സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

(സി) യും (ഡി) യും

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ഫലപ്രദമായ നടപടികൾ ഉണ്ടാകാത്ത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ മേൽനോട്ട സമിതി ചെയർമാനും തമിഴ്നാട് സർക്കാരും സ്വീകരിച്ച സമീപനങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാട്ടി കേന്ദ്രജലകമ്മീഷനും കേന്ദ്രജലവിഭവ സെക്രട്ടറിയ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്. കേരളത്തിന്റെ ആശങ്കകൾ പരിഹരിക്കുന്നതിന് സഹായകരമാം വിധം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിന് തമിഴ്നാടിന് നൽകാൻ കഴിയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് അവ പരിഗണിക്കുന്നതിലേയ്ക്കായി കേരളം ബഹു. സുപ്രീം കോടതിയിൽ 15.11.2014-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശ വിഷയത്തിൽ കേന്ദ്രസർക്കാരിൽ നിന്നോ കേന്ദ്ര ജലകമ്മീഷനിൽ നിന്നോ മറുപടി ലഭിക്കുന്നതനുസരിച്ചും 15.11.2014-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസരണമായും ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ